# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-6365** **31.10.2011-ൽ മറുപടിക്ക്**

## കളിക്കളങ്ങളുടെ നവീകരണം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും<br>സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ കളിക്കളങ്ങളുടെ വിശദ വിവരം ശേഖരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്; |
| (ബി) കളിക്കളങ്ങളുടെ നവീകരണത്തിനും സംരക്ഷണത്തിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ; | (ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള സ്റ്റേഡിയങ്ങളുടെ സംരക്ഷണം സ്പോർട്സ് കൗൺസിൽ നടത്തുന്നുണ്ട്. മറ്റ് കളിക്കളങ്ങളുടെ സംരക്ഷണം അതിന്റെ ഉടമസ്ഥർക്കാണ്. കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾക്കും വികസനത്തിനുമായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്; |
| (സി) മുഴുവൻ കളിക്കളങ്ങളും അളന്നു തിട്ടപ്പെടുത്തി അതിർത്തികളിൽ സർവ്വേകല്ലുകളും സംരക്ഷണ ഭിത്തിയും സ്ഥാപിക്കുമോ; | (സി) സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള സ്റ്റേഡിയങ്ങൾ അളന്നു തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മറ്റ് കളിക്കളങ്ങളുടെ കാര്യത്തിൽ ഇപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടത് അതിന്റെ ഉടമസ്ഥരാണ്; |
| (ഡി) കളിക്കളങ്ങൾ പുനരുദ്ധരിക്കുവാൻ ഏതെല്ലാം ഏജൻസികളുടെ പദ്ധതികൾ നിലവിലുണ്ട്; | (ഡി) നാഷണൽ ഗെയിംസ് നടക്കുന്ന സ്റ്റേഡിയങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ ചുമതലയിൽ നടന്നുവരുന്നു; |
| (ഇ) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ കളിക്കളങ്ങൾ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഇ) നടപടി സ്വീകരിച്ചു വരുന്നു; |
| (എഫ്) വിവിധ സ്ഥാപനങ്ങളുടേയും സംഘടനകളുടെയും സഹകരണത്തോടെ വിപുലീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുമോ? | (എഫ്) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ